# കാലഘട്ടത്തിന്റെ വെല്ലുവിളി

**ഈയിടെ** ഒരു പത്രത്തിനു നൽകിയ അഭിമുഖത്തിൽ, ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി പറയുകയുണ്ടായി: "എന്റെ വീക്ഷണത്തിൽ മുസ്‌ലിം സമുദായം ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ആഗോളതലത്തിൽ അതിന്റെ പ്രതിഛായ വെറുപ്പുളവാക്കുംവണ്ണം വികൃതമാക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നതാണ്. മാധ്യമങ്ങളുടെ പ്രചണ്ഡമായ കുപ്രചാരണങ്ങളിലൂടെയാണിത് നടക്കുന്നത്. ഈ സമുദായത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ആരും സങ്കീർണമായ ആശയക്കുഴപ്പത്തിലകപ്പെടുന്നു. ഒരാൾ മുസ്‌ലിം സമുദായത്തിലംഗമാണോ, എങ്കിൽ രക്തദാഹിയും മുഴുലോകത്തിനും അപകടകാരിയുമായ ഭീകരൻ തന്നെ എന്ന സന്ദേശമാണ് മാധ്യമങ്ങൾ നൽകുന്നത്. അല്ലെങ്കിൽ അയാളുടെ മതം 'സിവിലൈസ്ഡ്' ആണെന്ന് തെളിയിക്കേണ്ടതുണ്ട്. പറയുന്നത് മുസ്‌ലിമിനെക്കുറിച്ചാണെങ്കിലും, ഇസ്‌ലാമിനെയും അത് വ്യക്തിയിലും സമൂഹത്തിലും ഉളവാക്കുന്ന സ്വാധീനത്തെയും ആക്ഷേപിക്കുകയാണ് ലക്ഷ്യം. ഇസ്‌ലാം അതിന്റെ അനുയായികളിൽ സൃഷ്ടിക്കുന്നത് അതിവിനാശകരമായ മാനസികാവസ്ഥയാണെന്ന് സമർഥിക്കാനാണവരുടെ ശ്രമം. ഒരു സമൂഹത്തിന്റെ ഇത്രത്തോളം വ്യാപകവും വ്യവസ്ഥാപിതവുമായ സ്വഭാവഹത്യ ചരിത്രത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ല."

സാമാന്യബോധമുള്ള മുസ്‌ലിം മനസ്സുകളെ മഥിച്ചുകൊണ്ടിരിക്കുന്ന മഹാപ്രശ്നമാണ് ജമാഅത്ത് അമീർ ചൂണ്ടിക്കാണിക്കുന്നത്. മൗലികവാദം, തീവ്രവാദം, ഭീകരത, ചാവേർ ഇവയുടെയൊക്കെ പര്യായമായിത്തീർന്നിരിക്കുകയാണ് 'ഇസ്‌ലാം.' പെട്ടെന്ന് ഒരു പ്രഭാതത്തിൽ നിർമിക്കപ്പെട്ടതല്ല ഈ പ്രതിഛായ. നീണ്ടകാലത്തെ നിരന്തരശ്രമത്തിന്റെ ഫലമാണിത്. ഇസ്‌ലാമിന്റെ തുടക്കത്തോടെത്തന്നെ ഇതും തുടങ്ങിയിട്ടുണ്ട്. പക്ഷേ, എത്ര ശ്രമിച്ചിട്ടും ലോകത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ തൽപര കക്ഷികൾക്ക് പൂർണമായി വിജയിക്കാനായില്ല. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സുവർണദശയിൽ, പതിനെട്ടും പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ സൈനിക നടപടികളിലൂടെയും ഗൂഢാലോചനകളിലൂടെയും ഉപജാപങ്ങളിലൂടെയും മുസ്‌ലിം നാടുകളെ കോളനികളാക്കാൻ അവർക്കു കഴിഞ്ഞു. ഒപ്പം വരുംതലമുറകളെ ഇസ്‌ലാമിൽനിന്നകറ്റാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു. യൂറോപ്യൻ മേധാവിത്വത്തിൽനിന്ന് മോചനം നേടി എന്ന് അവകാശപ്പെട്ടു തുടങ്ങിയശേഷം ആ നാടുകളിൽ അധികാരം കൈയാളുന്ന വ്യക്തികളെയും കക്ഷികളെയും പരിശോധിച്ചാൽ അവരുടെ പദ്ധതിയുടെ വിജയം വ്യക്തമാകും. ഇസ്‌ലാമിനോട് ഏറ്റം ശത്രുതയും ദ്രോഹബുദ്ധിയും പുലർത്തിയവരാണ് ആ കൂട്ടത്തിൽ ഏറ്റം മഹാന്മാരും മാതൃകാ പുരുഷന്മാരുമായി വാഴ്ത്തപ്പെടുന്നത്. വെള്ളക്കാർ ഒഴിഞ്ഞുകൊടുത്ത പ്രദേശങ്ങൾ വെള്ളക്കാർക്കുവേണ്ടി അവരാഗ്രഹിക്കുന്നവിധത്തിൽ ഭരിക്കുന്നവരായിരുന്നു അവർ. അതിൽ വീഴ്ച വരുത്തുന്നവർ അട്ടിമറിക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്യുന്നു. അതിന്റെയും ഉത്തരവാദിത്വം ഇസ്‌ലാമിന്റെ കണക്കിലാണ് ചേർക്കുക. ലോകത്തു നടക്കുന്ന സകല അനിഷ്ട സംഭവങ്ങളുടെയും ഉത്തരവാദിത്വം മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കുകയും എന്നിട്ട് ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്നത് അതൊക്കെയാണെന്ന് പ്രചരിപ്പിക്കുകയുമാണിപ്പോൾ.

ലോകത്ത് നിരവധി അനിഷ്ട സംഭവങ്ങൾ നടക്കുന്നുണ്ട്. ഇതു സംബന്ധിച്ച് മാധ്യമങ്ങൾ നടത്തുന്ന കോലാഹലങ്ങളിൽ സുപ്രധാനമായ ചില സത്യങ്ങൾ തമസ്കരിക്കപ്പെടുകയാണ്. മുസ്‌ലിംകളിൽ ഒറ്റപ്പെട്ട ചില ചെറുഗ്രൂപ്പുകൾ മാത്രമാണ് ഹിംസാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നത് എന്നതാണ് ഒരു സത്യം. ഭൂരിപക്ഷം മുസ്‌ലിംകൾ അതിനെതിരാണ്. മുസ്‌ലിംകളിലുള്ളത്രതന്നെയോ അതിലധികമോ തീവ്രവാദ-ഭീകര ഗ്രൂപ്പുകൾ ഇതര മതവിഭാഗങ്ങളിലുമുണ്ട്. ഇന്ത്യയിലെ തീവ്രവാദി ഗ്രൂപ്പുകളെ പരിശോധിച്ചാൽ തന്നെ ഇക്കാര്യം ബോധ്യമാകും. ഇതെല്ലാം മറച്ചുവെച്ചുകൊണ്ട് മുസ്‌ലിംകളെല്ലാം തീവ്രവാദികളാണ് അഥവാ തീവ്രവാദികളെല്ലാം മുസ്‌ലിംകളാണ് എന്ന ധാരണയാണ് പൊതുവിൽ പ്രചരിപ്പിക്കപ്പെടുന്നത്.

'തീവ്രവാദവിരുദ്ധം' എന്ന പേരിൽ മുസ്‌ലിം രാജ്യങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് പേപ്പട്ടികളെപ്പോലെ മണ്ടിനടന്ന് നാടുകളെയും നഗരങ്ങളെയും കടിച്ചുകീറുന്ന പൈശാചികശക്തികളാണ് ലോകത്തിലെ ഏറ്റവും കിരാതരും അപകടകാരികളുമായ ഭീകരന്മാർ എന്നതും, അവർ തന്നെയാണ് 'ഇസ്‌ലാമിക തീവ്രവാദ'മടക്കം സകല തീവ്രവാദങ്ങളെയും വളർത്തുന്നത് എന്നതുമാണ് തമസ്കരിക്കപ്പെട്ട മറ്റൊരു മഹാസത്യം. ഒരുവശത്ത് തങ്ങൾക്കിഷ്ടമില്ലാത്തവർക്കെതിരെ ആയുധവും പണവും കൊടുത്ത് മുസ്‌ലിം യുവാക്കളിൽ തീവ്രവാദം വളർത്തുന്നു. അവരിലൂടെ നടത്തപ്പെടുന്ന അതിക്രമങ്ങൾ 'ഇസ്‌ലാമിക ഭീകരത'യായി പ്രചരിപ്പിക്കുകയും ചെയ്യുന്നു. മറുവശത്ത് സാമ്രാജ്യത്വ ഭീകരതയെ ചെറുക്കാൻ ശ്രമിക്കുന്ന മുസ്‌ലിംകൾ ഗത്യന്തരമില്ലാതെ അക്രമത്തിലേക്കു തിരിഞ്ഞാൽ അതും 'ഇസ്‌ലാമിക ഭീകരത' തന്നെ. ഇങ്ങനെ രണ്ടുവിധത്തിലും മുസ്‌ലിംകളിൽ 'ഭീകരത' വളർത്തുന്നത് സാമ്രാജ്യത്വ ഭീകരതയാണ്.

ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണ്. മനുഷ്യരാശിയുടെ നന്മയും നേട്ടവുമാണതിന്റെ ലക്ഷ്യം. ശാന്തിയുടെയും സമാധാനത്തിന്റെയും ദർശനമാണത്. ഏതു തരത്തിലുമുള്ള വർഗീയതയെയും വിവേചനത്തെയും അതു നിരാകരിക്കുന്നു. എല്ലാവിധ ചൂഷണവും മർദനവും അത് നിരോധിക്കുന്നു. ജീവിതത്തിന്റെ സമസ്തതലങ്ങളിലും നീതി സ്ഥാപിക്കാനും വിഭവങ്ങൾ ന്യായമായി വിതരണം ചെയ്യാനും അവകാശ സ്വാതന്ത്ര്യങ്ങൾ എല്ലാവർക്കും വകവെച്ചുകൊടുക്കാനും അതനുശാസിക്കുന്നു. അടിച്ചമർത്തപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും വിമോചനം സ്വന്തം ദൗത്യമായി പ്രഖ്യാപിച്ച ദർശനമാണ് ഇസ്‌ലാം. ഈദൃശ മഹിത ഗുണങ്ങളൊക്കെയും തികഞ്ഞ ദീനുൽ ഇസ്‌ലാമിന്റെ പ്രതിഛായ ഇന്നു കാണപ്പെടുന്ന വിധം വികൃതമാക്കപ്പെട്ടതെങ്ങനെ എന്നത് പലപ്പോഴും ഉന്നയിക്കപ്പെടാറുള്ള ചോദ്യമാണ്.

ഇസ്‌ലാമിന്റെ ഈ ഗുണങ്ങൾ തന്നെയാണ് അതിനെതിരെ ശത്രുക്കൾ ഉയർന്നുവരാനും അത് അപവദിക്കപ്പെടാനും തെറ്റിദ്ധരിപ്പിക്കപ്പെടാനും കാരണം എന്നാണീ ചോദ്യത്തിനുള്ള ഉത്തരം. സ്വാർഥലാഭത്തിനുവേണ്ടി മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നത് അനുവദനീയമാണെന്ന് കരുതുന്നവരുടെ ദൃഷ്ടിയിൽ ഇത്തരമൊരുദർശനം പ്രതിലോമപരവും പ്രാകൃതവുമാകാതെ തരമില്ല. എന്നാൽ നിഷ്പക്ഷവും സാത്വികവുമായ മനസ്സുകൾക്ക് അങ്ങനെ തോന്നുകയില്ല. പക്ഷേ, അവരുടെ സംഖ്യ ചെറുതാകുമ്പോൾ ഭൂരിപക്ഷത്തിന്റെ പ്രചാരണവൈഭവം മുഴച്ചുനിൽക്കുന്നു. അന്ത്യപ്രവാചകൻ മക്കയിൽ ഇസ്‌ലാമിക സന്ദേശമവതരിപ്പിച്ചപ്പോൾ ഖുറൈശി പ്രമാണിമാർക്ക് എളുപ്പത്തിൽ അതു മനസ്സിലായി. അവരുടനെ രൂക്ഷമായി എതിർത്തു. കുപ്രചാരണങ്ങളഴിച്ചുവിട്ടു. സാധാരണക്കാർക്ക് സ്വയം ചിന്തിച്ച് അഭിപ്രായം രൂപീകരിക്കാൻ സാവകാശം ലഭിക്കുംമുമ്പ് പ്രമാണിമാർ അവരുടെ കൂടി വക്താക്കളാവുകയായിരുന്നു. ഇന്ന് ഈ എതിർപ്പ് സ്വാഭാവികമായും കൂടുതൽ പ്രചണ്ഡവും ഹൈടെക്കുമാണ് എന്നുമാത്രം. എന്നിട്ടും അതിലൊന്നും മുങ്ങിപ്പോകാതെ, ഈ ദീനിനെ സ്വതന്ത്രമായും നിഷ്പക്ഷമായും പഠിക്കാൻ ശ്രമിക്കുന്ന എത്രയോ ആളുകളുണ്ട്. ഈ വിഭാഗത്തോട് മുസ്‌ലിംകൾക്ക് പൊതുവിലും ഇസ്‌ലാമിക പ്രവർത്തകർക്ക് വിശേഷിച്ചും രണ്ടു കടമകളുള്ളതായി അമീർ അൻസർ ഉമരി സാഹിബ് ഓർമിപ്പിച്ചിരിക്കുന്നു. ഒന്ന്, സാധ്യമാകുന്ന എല്ലാ മാർഗങ്ങളുമുപയോഗിച്ച് കുപ്രചാരണങ്ങൾക്ക് ഫലപ്രദമായി മറുപടി നൽകുക. രണ്ട്, സമുദായത്തിന്റെ കർമജീവിതം ഇസ്‌ലാമിന്റെ സജീവമാതൃകയാവുക. ഇതു രണ്ടും പരസ്പരപൂരകമാണ്. ■